NP – 103

# IV Semester B.A./B.V.A./D.D.M. Degree Examination, July/August 2024
## (NEP Scheme)
## MALAYALAM LANGUAGE (Part – I, Paper – IV)

Time : 2½ Hours Max. Marks : 60

### SECTION – A

I. എല്ലാ ചോദ്യങ്ങൾക്കും ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (7×1=7)

1) അമ്പലമണി എന്ന കവിതയുടെ രചയിതാവ്

1) സുഗതകുമാരി 2) ബാലാമണി അമ്മ

3) മാധവിക്കുട്ടി 4) വൈലോപ്പിള്ളി

2) കൃഷ്ണനെ കൊണ്ടുപോകാൻ വന്നതാര് ?

1) ബലരാമൻ 2) അക്രൂരൻ

3) രാവണൻ 4) ലക്ഷ്മണൻ

3) പ്രിയം തന്നുറക്കിയ അന്നത്തെയെൻ പ്രേമസാക്ഷി എന്ത് ?

1) കാമുകൻ 2) ചന്ദ്രൻ

3) രാത്രിമഴ 4) സൂര്യൻ

4) ജന്മദിനം എന്ന ചെറുകഥയുടെ രചയിതാവ്

1) വൈക്കം മുഹമ്മദ് ബഷീർ 2) ടി. പത്മനാഭൻ

3) എം. ടി. വാസുദേവൻ നായർ 4) തകഴി ശിവശങ്കരപ്പിള്ള

5) 'ഇന്ദ്രധനുസ്സിൽ തീരത്ത്' എന്ന കൃതിയുടെ രചയിതാവ്

1) തകഴി 2) ഭാരതി തമ്പുരാട്ടി

3) എം. ടി. വാസുദേവൻ നായർ 4) റോസി തോമസ്

6) വെള്ളായി അപ്പന്റെ മകന്റെ പേര്

1) ശശി 2) രവി

3) രാജു 4) കണ്ടുണ്ണി

7) ഷെർലക്ക് ഏതു സാഹിത്യ വിഭാഗത്തിൽ പെടുന്നു ?

1) ചെറുകഥ 2) നോവൽ

3) പദ്യം 4) നിരൂപണം

St. Francis de Sales College LIBRARY

II. ഏതെങ്കിലും **നാലെണ്ണത്തിന്** ഉത്തരം എഴുതുക. (സന്ദർഭം, ആശയം വ്യക്തമാക്കുക). **(4×3=12)**

1) ഒരു കയ്യുമതിനെ തൊടേണ്ട ! അസ്പൃശ്യയാം
മുനി കന്യയായ് തപം ചെയ്‌വൂ.

2) എല്ലാം മറന്നോടിയെത്തിയിട്ടില്ല ഞാൻ
വല്ലവി കളൊത്തു നിൻ ചാരെ !

3) അവനും കൺകൾ തിളങ്ങീടുന്നു
അവനും കൈകളുയർത്തീടുന്നു.

4) വിരൽ നീട്ടിയെന്നെ
ത്തൊടുന്നൊരീ ശ്യാമയാം
ഇരവിന്റെ ഖിന്നയാം പുത്രി.

5) അന്നു നറുചന്ദനം ചാർത്തിയൊരു ദേവന്റെ
മുന്നിലിതു പൊന്നൊളി ചൊരിഞ്ഞു

6) ആരോരുമറിയാതെ നിന്നെയെന്നുള്ളിൽ വെ –
ച്ചാത്മാവു കുടിയിരുത്തി.

Francis de Sales College LIBRARY Hebbagodi, Bangalore

## SECTION – B

III. ഏതെങ്കിലും **നാലെണ്ണത്തിന്** ഉത്തരമെഴുതുക. (**അരപ്പുറത്തിൽ**). **(4×5=20)**

1) അമ്പലമണിയുടെ ഇന്നത്തെ അവസ്ഥ. കാവ്യഭാഗത്തെ ആസ്പദമാക്കി എഴുതുക.

2) ഷെർലക്കിന്റെ സ്വഭാവം വ്യക്തമാക്കുക.

3) ഓർമ്മ ശക്തിയുടെ കാര്യത്തിൽ അമ്മയെ തോല്പിക്കാൻ മറ്റാർക്കും ആവില്ലെന്നു തോന്നുന്നു – ആരുടെ വാക്കുകൾ ? വ്യക്തമാക്കുക.

4) ഉപന്യാസം തയ്യാറാക്കുക.

പുസ്തക പാരായണം.

5) കത്തെഴുതുക.

നിങ്ങളുടെ പുതിയ കോളേജ് ജീവിതം വിവരിച്ചുകൊണ്ട് അമ്മയ്ക്ക് കത്തെഴുതുക.

6) ആശയം **മൂന്നിലൊന്നായി** സംഗ്രഹിക്കുക.

ഇന്റർനെറ്റിന്റെ ഏറ്റവും വലിയ ചതിക്കുഴി ഇന്റർനെറ്റു വഴിയുള്ള അശ്ലീല ചിത്രങ്ങളുടെയും അനാശാസ്യ ഇടപാടുകളുടെയും പ്രചാരമാണ്. കേബിൾ ടെലിവിഷനുകൾ ഉയർത്തുന്ന പ്രശ്നങ്ങളെക്കാൾ ഗുരുതരമാണിത്. സൈബർ അശ്ലീലങ്ങൾക്ക് അടിമപ്പെട്ട് ഇന്റർനെറ്റ് കഫേകളിലും മറ്റുമായി ജീവിതം ഹോമിക്കുന്ന യുവതീ യുവാക്കൾ സാമൂഹിക ജീവിതത്തിൽ വെല്ലുവിളി ഉയർത്തിയിരിക്കുകയാണ്. ചൈനയിലും മറ്റും ഇന്റർനെറ്റ് കഫേകളിൽ നിശ്ചിത സമയത്തിൽ കൂടുതൽ ചെലവഴിക്കുന്നത് കുറ്റകരമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അതൊന്നും ഫലപ്രദമാണെന്നു തോന്നുന്നില്ല. എന്തായാലും ഇന്റർനെറ്റ് ഇരുതല മൂർച്ചയുള്ള ഒരു വാളാണ്. സമൂഹത്തിന്റെ നന്മയ്ക്ക് എന്നതുപോലെ നാശത്തിനും അതു കാരണമായേക്കാം. ജാഗ്രത പുലർത്തുന്നതിൽ അലംഭാവം പാടില്ല.

LIBRARY

## SECTION – C

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1) കൃഷ്ണ നീയെന്നെയറിയില്ല എന്ന കവിതയ്ക്കു ആസ്വാദനം തയ്യാറാക്കുക.

**അല്ലെങ്കിൽ**

രാത്രിമഴയെ സ്ത്രീയോടുപമിക്കാനുള്ള കാരണം കാവ്യഭാഗത്തെ ആസ്പദമാക്കി വിവരിക്കുക. **(1×7=7)**

2) കടൽത്തീരത്ത് എന്ന ചെറുകഥയിലെ വെള്ളായി അപ്പന്റെ അനുഭവങ്ങൾ വിവരിക്കുക.

**അല്ലെങ്കിൽ**

ജന്മദിനം എന്ന ചെറുകഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക. **(1×7=7)**

3) തല കടത്താൻ കഴിയാത്ത ഇറുക്കമുള്ള കുപ്പായം വലിച്ചു കയറ്റുന്നതു പോലെയാണ് വിവാഹം – വയലാർ ഇങ്ങനെ രസകരമായ അഭിപ്രായം പറയാനുണ്ടായ സാഹചര്യം.

**അല്ലെങ്കിൽ**

സിനിമാ പിന്നണി ഗാന രചയിതാവ് ആയി മാറിയ കാലഘട്ടവും വെല്ലുവിളികളും. **(1×7=7)**